## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1083

20/03/2012-ൽ മറുപടിയ്ക്ക്

### കണ്ണൂർ വിമാനത്താവളത്തിനുവേണ്ടിയുള്ള ലാന്റ് അക്വിസിഷൻ ഓഫീസിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ. ഇ. പി. ജയരാജൻ

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള ജോലികൾ നിർവ്വഹിക്കുന്നതിനായി പ്രവർത്തിക്കുന്ന ലാന്റ് അക്വിസിഷൻ ഓഫീസുകൾ എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്നും, ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും, ഏതെല്ലാം തസ്തികകളിലുള്ളവരാണ് ജോലിയിൽ ഉള്ളതെന്നും വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) കണ്ണൂർ വിമാനത്താവളത്തിനുവേണ്ടിയുള്ള പൊന്നുംവില നടപടികൾക്കായി 3 സ്പെഷ്യൽ തഹസിൽദാർ യൂണിറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത എൽ. എ. യൂണിറ്റുകൾ 05-09-2007-ലെ ജി. ഒ. (എം. എസ്) 317/2007/റവ സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രവർത്തനം ആരംഭിച്ചത്.

പ്രസ്തുത എൽ. എ. യൂണിറ്റുകളിൽ താഴെ പറയുന്ന തസ്തികകളിൽ ജീവനക്കാർ ജോലി ചെയ്തു വരുന്നു :

| ക്രമ.നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ | 1X3=3 |
| 2 | വാല്യുവേഷൻ അസിസ്റ്റന്റ് | 2X3=6 |
| 3 | റവന്യൂ ഇൻസ്പെക്ടർ | 2X3=6 |
| 4 | ഹെഡ് ക്ലാർക്ക് | 1X3=3 |
| 5 | യു. ഡി. ക്ലാർക്ക് | 2X3=6 |
| 6 | എൽ. ഡി. ക്ലാർക്ക് | 2X3=6 |
| 7 | സർവ്വെയ്യർ | 4X3=12 |
| 8 | ടൈപ്പിസ്റ്റ് | 1X3=3 |
| 9 | വില്ലേജ് അസിസ്റ്റന്റ് | 1X3=3 |
| 10 | പ്യൂൺ | 1X3=3 |
| 11 | ഡ്രാഫ്റ്റ്സ്മാൻ | 1X3=3 |
| | **ആകെ** | **18X3=54** |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ലാന്റ് അക്വസിഷൻ ജോലികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (ബി) | ഒന്നും രണ്ടും ഘട്ടങ്ങളിലായി 1276 ഏക്കർ ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറിയിട്ടുണ്ട്. മൂന്നാം ഘട്ടം ഭൂമിയുടെ അടിസ്ഥാന വിലയും നേരിട്ട് വാങ്ങൽ വിലയും നിശ്ചയിച്ച് കൈവശക്കാരുടെ സമ്മത പത്രം ലഭിക്കാത്തതിനാൽ പൊന്നും വില പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി തുടർന്ന് വരുന്നുണ്ട്. നാലാം ഘട്ടമായി 150 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരികളിൽ നിന്ന് അർത്ഥനാ ഫോറം, സ്കെച്ച് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് നടപടികളാരംഭിക്കുന്നതാണ്. |
| (സി) | കണ്ണൂർ വിമാനത്താവളത്തിന്റെ ലാന്റ് അക്വസിഷൻ ജോലികൾ നിർവ്വഹിക്കുന്ന ജീവനക്കാർക്ക് നിലവിൽ ഏതുവരെ തുടർച്ചാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) & (ഡി) | ഈ എൽ. എ. യൂണിറ്റുകളിലെ തസ്തികകൾക്ക് 24-02-2012-ലെ സർക്കാർ ഉത്തരവ് (സാധാ) 986/12/റവ പ്രകാരം 31-03-2012-വരെ തുടർച്ചാനുമതി നൽകിയിട്ടുണ്ട്. തുടർന്നുള്ള കാലയളവിലേയ്ക്ക് തുടർച്ചാനുമതി ശുപാർശ സമർപ്പിക്കുന്ന മുറയ്ക്ക് നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ഡി) | ലാന്റ് അക്വസിഷൻ ജോലികൾ പൂർത്തീകരിക്കുന്നതുവരെയും തടസ്സമില്ലാതെ തുടർച്ചാനുമതി നൽകാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ